**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1222** — 04/12/2014 ൽ മറുപടിയ്ക്ക്

## റീ സർവ്വേ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.പി.എ. മാധവൻ<br>ശ്രീ. പാലോട് രവി<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) റീ സർവ്വേ അദാലത്തുകൾ വില്ലേജ് തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിലും റവന്യൂ മന്ത്രിയുടെ നേതൃത്വത്തിൽ റവന്യൂ - സർവ്വേ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | (ബി) തീർപ്പാക്കാൻ ശേഷിക്കുന്ന പരാതികളിന്മേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ പരാതികൾ നിലവിൽ ബന്ധപ്പെട്ട അഡീഷണൽ തഹസീൽദാർമാരാണ് പരിഹരിച്ചു വരുന്നത്. റീ-സർവ്വേ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന്, സർവെ സബ് ഡിവിഷൻ സ്കെച്ച് അംഗീകരിക്കുവാൻ താലൂക്കുകളിലെ റീസർവ്വേ സൂപ്രണ്ടുമാർക്കു കൂടി താൽക്കാലികമായി അധികാരം നൽകിയിട്ടുണ്ട്. എൽ.ആർ.എം. ൽ ശേഷിക്കുന്ന മുഴുവൻ റീ-സർവ്വേ പരാതികളും മൂന്നു മാസം കൊണ്ട് പരിഹരിക്കുന്നതിനായുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കാര്യക്ഷമമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>ജില്ലാതല റവന്യൂ-സർവ്വേ അദാലത്തിൽ മേൽ വിഭാഗത്തിലുള്ള പരാതികളും ഉൾപ്പെടു-ത്തിയിട്ടുണ്ട്. |
| (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ ഉൾപ്പെടെ താലൂക്ക് തലത്തിൽ നടപടി ശേഷിക്കുന്ന പരാതികൾ അദാലത്ത് മുഖേന തീർപ്പാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ